ക്കൽ പോലീസ് ഇൻസ്പെക്ടരെ വല്ലവരും അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുചെയ്തു;

(c) വീണ്ടും ടി അധഃകൃതനേയും മറ്റും വീട്ടുകയറി ഉപദ്രവിച്ചതിനെപ്പറ്റി വല്ലതും പരാതിയുണ്ടോ? എന്തു ചെയ്തു?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ഇല്ല; എന്നാൽ ഞാറക്കൽ നിവാസിയായ പുലയൻ അയ്യപ്പനും ചാത്തൻ എന്നവനും കൂടി ടി ദേശത്തു് ചേലാട്ടു കൊച്ചാപ്പു എന്ന ഒരു കുസ്ഥാനിയുടെ വീട്ടിൽ ചെല്ലുകയും അവിടെ വെച്ചു ടി പുലയർ തമ്മിൽ വാക്കേറ്റം ഉണ്ടായി, തമ്മിൽ അടിപിടി കൂടുകയും അപ്പോൾ ടി കൊച്ചാപ്പു അവരോടു തന്റെ വീട്ടിൽ നിന്നു പുറത്തു പോകുവാൻ പറഞ്ഞതായും അറിവായിട്ടുണ്ടു്.

(b) ഉവ്വു്; M. L. C. മിസ്റ്റർ വള്ളോൻ ടി കാര്യത്തെപ്പറ്റി ഞാറക്കൽ ഇൻസ്പെക്ടരോടു പറഞ്ഞിട്ടുണ്ടു്. ഇൻസ്പെക്ടർ കുസ്ഥാനികളെ പുലയരെ ഉപദ്രവിക്കരുതെന്നു താക്കീതു ചെയ്കയും അവരുടെ മേൽ ദൃഷ്ടിവെച്ചുപോരുകയും ചെയ്യുന്നുണ്ടു്.

(c) ഹർജിക്കാരൻ അയ്യപ്പന്റെ ഭാര്യയുടെ അച്ഛൻ ഇണ്ണുതിനായരെ ടിയാന്റെ വീട്ടിൽ കയറി ചില കുസ്ഥാനികളുപദ്രവിച്ച സംഗതിക്കു് ഞാറക്കൽ സ്റ്റേഷനിൽ ഫയൽ ചെയ്തതിൽ നാലാം നമ്പ്രായി ഒരു കേസു് റിക്കാട്ടാക്കുകയും അതു് ഇപ്പോൾ വിചാരണയിൽ ഇരിക്കുന്നതും ആകുന്നു.

Deepening—Malippuram and Venduruthy Canals—Agent.

131. മിസ്റ്റർ കെ. പി. വള്ളോൻ.—മാലിപ്പുറം, വെണ്ടുരുത്തി എന്നീസ്ഥലങ്ങളിലുണ്ടായിരുന്ന തോടു താഴ്ത്തൽ നിർവ്വഹിച്ച നായ്ക്കൻ ഏതുദേശത്തുകാരനാണു്?

രാമവർമ്മതമ്പുരാൻ.—ഏതുദേശക്കാരനാണെന്നു് അന്വേഷിച്ചിട്ടില്ല.

Ill-treatment—Depressed Classes workman—Mala.

132. മിസ്റ്റർ കെ. പി. വള്ളോൻ.—മാള വലിയ പറമ്പുകാളനായിൽ ജോലിക്കുപോയ ഒരു അധഃകൃതനെ ദേഹോപദ്രവംചെയ്ത കുസ്ഥാനിയുടെ മേൽ സംരക്ഷകൻ എന്തു നടപടി നടത്തി?

രാമവർമ്മതമ്പുരാൻ.—അങ്ങനെയൊരു സംഭവം ഉണ്ടായതായി അറിവുകിട്ടിയില്ല.

Widening and improving Chalakkudi road at Edakunni bazaar.

133. Mr. E. Ikkanda Warriar.—Will the Government be pleased to state :—

(1) whether the lands necessary for widening and improving the Chalakkudi road at Edakkunni bazaar have been taken

LIBRARY ARCHIVES Kerala Legislative Assembly